ദേശാഭിമാനി E-PAPER
08/30/2026 Malappuram
Page No - 8 Column - 4,5

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് സെപ്റ്റംബർ 6ന് യൂണിവേഴ്സിറ്റി ജി എം എച്ച് എസ് സ്കൂൾ ഗ്രൗണ്ടിൽ നടത്തും. സെപ്റ്റംബർ രണ്ടിനു മുൻപായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ജൂനിയർ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തിരഞ്ഞെടുക്കുന്നതാണ്. ഫോൺ : 8590806050, 9633871688.

മലയാള മനോരമ
ESTABLISHED 1888

Dated - 30/08/2026
Malappuram Edition

Page No - 3
Column - 4

# ത്രോബോൾ ചാംപ്യൻഷിപ് സെപ്റ്റംബർ ആറിന്

കോട്ടയ്ക്കൽ● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് സെപ്റ്റംബർ ആറിന് തേഞ്ഞിപ്പലം ജിഎംഎച്ച്എസ്എസ് മൈതാനത്തു നടക്കും. രണ്ടിനു മുൻപായി പ്ലേയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കേണ്ടതാണ്.

ഓപ്പൺ സിലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. ഇടുക്കിയിൽ സംസ്ഥാന ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ജൂനിയർ ടീമിനെ ഇതിൽ നിന്ന് തിരഞ്ഞെടുക്കും. 8590806050, 9633871688.

# ദേശാഭിമാനി

**Dated - 07/09/2026** **Page No - 13**

**Perinthalmana Edition** **Column - 6,7,8**

---

**ത്രോബോൾ ചാമ്പ്യൻഷിപ്പ്**

## മാർത്തോമാ, ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമികൾ ചാമ്പ്യൻമാർ

**വളാഞ്ചേരി**

കലിക്കറ്റ് യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസിൽ നടന്ന ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാരായി. ആൺകുട്ടികളിൽ ക്യാമ്പസ് യൂണിവേഴ്സിറ്റിയും പെൺകുട്ടികളിൽ വേങ്ങര പീസ് പബ്ലിക് സ്കൂളും രണ്ടാംസ്ഥാനം നേടി.



ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ മാർത്തോമാ സ്പോർട്സ് അക്കാദമി ടീം

പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ്എസും പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂളും ആൺകുട്ടികളുടെ വിഭാഗത്തിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബും മാർത്തോമാ എച്ച്എസ്എസ് സ്കൂളും മൂന്നാംസ്ഥാനം നേടി.



പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി ടീം

മികച്ച കളിക്കാരായി ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ കെ വി മുഹമ്മദ് അൻഷിഫിനെയും ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയിലെ പി കെ ആഷ്‌ലി ശാക്കിറിനെയും തെരഞ്ഞെടുത്തു. ഹൃഷികേശ്കുമാർ ചാമ്പ്യൻഷിപ്പിന്റെ സ്പോർട്സ് കൗൺസിൽ ഒബ്സെർവറായി. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം കേരള ത്രോബോൾ ഗോൾഡ് മേഡലിസ്റ്റ് ജേതാവായ സി അനിൽ നിർവഹിച്ചു. ജില്ലാ ത്രോബോൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനം വിതരണംചെയ്തു. ജില്ലാ അസോസിയേഷൻ മെമ്പർ അരുൺ സ്വാഗതവും അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു.

**Dated - 07/09/2026**

# മാധ്യമം

**Malappuram Edition**

## ജില്ല ജൂനിയർ ത്രോബാൾ

# ചുങ്കത്തറ മാർത്തോമയും നിലമ്പൂർ ലിറ്റിൽ സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാർ

» **യൂനിവേഴ്സിറ്റി കാമ്പസ് സ്കൂളിനും വേങ്ങര പീസ് പബ്ലിക് സ്കൂളിനും രണ്ടാം സ്ഥാനം**




ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യന്മാരായ മാർത്തോമാ സ്പോർട്സ് അക്കാദമി ടീം




പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യന്മാരായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി ടീം

**തേഞ്ഞിപ്പലം:** കാലിക്കറ്റ് യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്കൂളിൽ നടന്ന 12ാമത് ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാരായി. ആൺകുട്ടികളിൽ യൂനിവേഴ്സിറ്റി കാമ്പസ് സ്കൂളിനും പെൺകുട്ടികളുടെ വിഭാഗത്തിൽ വേങ്ങര പീസ് പബ്ലിക് സ്കൂളിനുമാണ് രണ്ടാം സ്ഥാനം. പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ്.എസിനും പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷനൽ സ്കൂളിനുമാണ് മൂന്നാം സ്ഥാനം.

ആൺകുട്ടികളുടെ വിഭാഗത്തിൽ യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബും മാർത്തോമാ എച്ച്.എസ്.എസ് സ്കൂളും മൂന്നാം സ്ഥാനം നേടി. ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ മുഹമ്മദ് കെ.വി. അൻഷിഫിയെയും ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയിലെ ആഷ്‍ലി പി.കെ. ശാക്കിറിനെയും തിരഞ്ഞെടുത്തു. ഹൃഷികേശ്കുമാർ ചാമ്പ്യൻഷിപ്പിന്റെ സ്പോർട്സ് കൗൺസിൽ ഒബ്സെർവറായിരുന്നു. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം കേരള ത്രോബാൾ ഗോൾഡ് മെഡലിസ്റ്റ് ജേതാവ് സി. അനിൽ നിർവഹിച്ചു. സമാപന സമ്മേളനത്തിൽ ജില്ല ത്രോബാൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനദാനം നിർവഹിച്ചു. ജില്ല അസോസിയേഷൻ അംഗം അരുൺ, അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി, അരുൺ, റീന ജോസഫ്, യാസിർ, ബീന, അവിന വിനോദ്, അനിൽ സി, നിതിൻ, മുഹമ്മദ് അഫ്‍ലഹ് എന്നിവർ സംസാരിച്ചു.

Dated - 07/09/2026
Malappuram Edition

ദേശാഭിമാനി

Mon, 07 September 2026

Page No - 7
Column - 2,3,4,5

■ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# മാർത്തോമാ, ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമികൾ ചാമ്പ്യൻമാർ



ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ മാർത്തോമാ സ്പോർട്സ് അക്കാദമി ടീം



പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി ടീം

**വളാഞ്ചേരി**

കലിക്കറ്റ് യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസിൽ നടന്ന ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാരായി. ആൺകുട്ടികളിൽ ക്യാമ്പസ് യുണിവേഴ്സിറ്റിയും പെൺകുട്ടികളിൽ വേങ്ങര പീസ് പബ്ലിക് സ്കൂളും രണ്ടാംസ്ഥാനം നേടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ്എസും പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂളും ആൺകുട്ടികളുടെ വിഭാഗത്തിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബും മാർത്തോമാ എച്ച്എസ്എസ് സ്കൂളും മൂന്നാംസ്ഥാനം നേടി.

മികച്ച കളിക്കാരായി ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ കെ വി മുഹമ്മദ് അൻഷിഫിനെയും ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയിലെ പി കെ ആഷ്‌ലി ശാക്കിറിനെയും തെരഞ്ഞെടുത്തു. ഹൃഷികേശ്കുമാർ ചാമ്പ്യൻഷിപ്പിന്റെ സ്പോർട്സ് കൗൺസിൽ ഒബ്സെർവറായി. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം കേരള ത്രോബോൾ ഗോൾഡ് മേഡലിസ്റ്റ് ജേതാവായ സി അനിൽ നിർവഹിച്ചു. ജില്ലാ ത്രോബോൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനം വിതരണംചെയ്തു. ജില്ലാ അസോസിയേഷൻ മെമ്പർ അരുൺ സ്വാഗതവും അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു.